**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T1462** — **04.02.2019-ൽ മറുപടിക്ക്**

**തീരദേശമേഖലയുടെ സമഗ്ര വികസനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2018-19 ൽ പ്രഖ്യാപിച്ച 2000 കോടി രൂപ പാക്കേജിലെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഏജൻസിയെ ക ണ്ടെത്തുന്നതിനും കോൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനുമായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ഐ.എ.എസ്(റിട്ട.) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി 15.03.2018-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി) നം.170/2018/മതുവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കമ്മിറ്റി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണെന്ന് ക ണ്ടെത്തുകയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി മാനവ വികസനം, സാമൂഹിക സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് TISS നെയും ലൈവ്‌ലിഹുഡ്, ഇൻസ്റ്റിറ്റ്യൂഷൻസ്, കടലോര പരിപാലനം, മത്സ്യബന്ധനത്തിന്റെ സാമ്പത്തിക വശങ്ങൾ, മൂലധന ലഭ്യത തുടങ്ങിയവ സംബന്ധിച്ച് പഠിക്കുന്നതിനായി IRMAയെയും തെരഞ്ഞെടുക്കുകയും Terms of reference അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് TISS മായി ആവശ്യമായ കരാറിൽ ഏർപ്പെടുകയും ചെയ്തു. സമഗ്ര തീരദേശ വികസന പദ്ധതിയിലൂടെ പല ഘടകങ്ങളും നടപ്പാക്കി വരികയാണ്. തീരസംരക്ഷണം, ഹാർബർ നിർമ്മാണം, പശ്ചാത്തല വികസനം, ആരോഗ്യ രംഗത്തെയും വിദ്യാഭ്യാസ രംഗത്തെയും പദ്ധതികൾ അടക്കം ഏകദേശം 900 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കി വരുന്നു. (കിഫ്ബി വഴി നടപ്പാക്കുന്ന തീരദേശ വികസന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു). മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ നല്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാക്കേജിന്റെ ഭാഗമായി എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചു എന്നും ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ? | (ബി) | പദ്ധതി വിവിധ ഘട്ടത്തിലാണ്. |

Sheeba

**സെക്ഷൻ ഓഫീസർ**

97/2

27. **KIIFB മുഖേന നടപ്പാക്കുന്ന തീരദേശ വികസന പദ്ധതികൾ**

1. **KIIFB യുടെ ഭരണാനുമതി ലഭ്യമായ പദ്ധതികൾ (159.24 കോടി രൂപ)**

- തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിനോടനുബന്ധിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾക്കായി 18.31 കോടി രൂപ
- ആലപ്പുഴ ജില്ലയിലെ കായംകുളം മത്സ്യബന്ധന തുറമുഖത്തിൽ ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനായി 2.42 കോടി രൂപ
- ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിൽ ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനായി 2.40 കോടി രൂപ
- തൃശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക് പൊഴിയോട് ചേർന്ന് ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനായി 6.86 കോടി രൂപ
- കണ്ണൂർ ജില്ലയിലെ തലായി മത്സ്യബന്ധന തുറമുഖത്തിൽ ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനായി 3.48 കോടി രൂപ.
- മേൽപറഞ്ഞ 5 തീരസംരക്ഷണ പദ്ധതികളും ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്.
- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം തുറമുഖത്തിനോടനുബന്ധിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾക്കായി 13.47 കോടി രൂപ.
- 112.3 കോടി രൂപ അടങ്കലിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് കിഫ്ബി ധനസഹായത്തോടെ ഭരണാനനുമതി ആയിട്ടുണ്ട്. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്.

2. **KIIFB യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തത്വത്തിൽ ഭരണാനുമതി ലഭ്യമായ പദ്ധതികൾ (792.8 കോടി രൂപ)**

- 111.00 കോടി രൂപയുടെ ഫിഷിംഗ് ഹാർബർ നിർമ്മാണം ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ,
- 43 കോടി രൂപയുടെ കൊല്ലം - താന്നി തീരസംരക്ഷണ പദ്ധതി.
- 150.00 കോടി രൂപയുടെ പൂന്തുറ - വലിയതുറ തീരസംരക്ഷണ പദ്ധതി.
- സംസ്ഥാനത്തെ തീരദേശ മേഖലയിലെ തിരഞ്ഞെടുത്ത 71 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായി 294.72 കോടി രൂപ
- 193.46 കോടി രൂപയ്ക്ക് സംസ്ഥാനത്തെ 63 മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം.

Sheeba

സെക്ഷൻ ഓഫീസർ